**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം. ഡിഎ1/256/2021-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/10/2021

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വൃക്കരോഗികൾക്ക് ഡയാലിസിസ് ധനസഹായം - ബി.പി.എൽ, പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗം, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. 01/01/2021 ലെ ഡിഎ1/321/2020/തസ്വഭവ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.12

***********************

വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം നൽകി വരുന്നുണ്ട്. ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകുന്നതിന് സൂചിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഡയാലിസിസ് ആവശ്യമായ എല്ലാ രോഗികൾക്കും സഹായം നൽകുന്ന രീതിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൊതുവേ സ്വീകരിക്കുന്നത്. ഫണ്ടിന്റെ പരിമിതി മൂലം ചിലപ്പോൾ ധനസഹായം മുടങ്ങാൻ സാധ്യതയുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ധനസഹായം നൽകുന്നതിന് ബി.പി.എൽ കുടുംബം, പട്ടികജാതി- പട്ടികവർഗ്ഗവിഭാഗത്തിലെ കുടുംബം, മത്സ്യത്തൊഴിലാളി കുടുംബം എന്നിവർക്കു മുൻഗണന നൽകുന്ന രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അർഹതാ മാനദണ്ഡ രീതി നിശ്ചയിക്കേണ്ടതാണ്.
- രോഗികൾക്ക് ബുദ്ധിമുട്ടൊഴിവാക്കാൻ റേഷൻകാർഡ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഇതിനു മുൻപ് മറ്റ് ആവശ്യത്തിനായി വാങ്ങിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് തുടങ്ങി ലളിതമായി ലഭ്യമായ രേഖകൾ ഇതിന് തെളിവായി സ്വീകരിക്കാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 20-10-2021 16:47:02
Reason: Approved

സെക്ഷൻ ഓഫീസർ.